Easter brings Fun
Easter brings Happiness
Easter brings God's Endless Blessings
Easter brings fresh love

## And E-Malayalee brings all of the above

### Happy Easter to our writers, readers and well wishers




# വിശുദ്ധിയുടെ ലില്ലിപൂക്കളുമായി ഈസ്റ്റർ

**(ഈസ്റ്റർ സന്ദേശം)**

**സുധീർ പണിക്കവീട്ടിൽ**

ലോകത്തിൻെറ പാപം കഴുകികളയാൻ കർത്താവ് കുരിശ്ശ് മരണം വരിച്ചു എന്നാണു് എല്ലാവരും വിശ്വസിക്കുന്നത്. എന്നാൽ യേശുദേവൻെറ ഉയർത്തെഴുന്നേൽപ്പിലൂടെയാണു അവൻ മനുഷ്യരെ രക്ഷിച്ചത്. അത് കൊണ്ട് കർത്താവ് ഉയർത്തെഴുന്നേറ്റ ഞായാറാഴ്ച്ച ആഹ്ലാദത്തോടെ പ്രത്യാശയോടെ വിശ്വാസികൾ ആഘോഷിക്കുന്നു. കർത്താവ് ഉയർത്തെഴുന്നേറ്റില്ലായിരുന്നെങ്കിൽ പ്രവചനങ്ങൾ വ്രുഥാവിലാകുമായിരുന്നു, വിശ്വാസം വ്രുഥാവിലാകുമായിരുന്നു. മനുഷ്യർക്ക് നിത്യജീവൻ പ്രദാനം ചെയ്യാൻ ദൈവം അവനെ ഉയർത്തെഴുന്നേൽപ്പിച്ചു. അതുകൊണ്ടാണു യേശുദേവൻ പറഞ്ഞത് " ഞാൻ ജീവനും പുനരുത്ഥാനവുമെന്നു്.

ദൈവവചനങ്ങൾ ലംഘിച്ച്കൊണ്ട് മനുഷ്യർ പാപം ചെയ്യുക നിമിത്തം അവർ മരിച്ച് പോകുന്നു. .ഇഹലോകജീവിതം കഷ്ടവും, ക്ലേശവും നിറഞ്ഞതാകുന്നു. നിന്നെ പൊടിയിൽ നിന്ന്

എടുത്തു നീ പൊടിയിലേക്ക് തന്നെ തിരിച്ച് പോകുന്നു എന്ന വചനം ശ്രദ്ധിക്കുക. അതിൽ നിത്യജീവനെപറ്റി പറയുന്നില്ല. പാപം ചെയ്യുന്ന ആത്മാക്കൾക്ക് മരണമേയുള്ളു, അമരത്വമില്ല. സ്വന്തം സഹോദരനെ വെറുക്കുന്നവൻ കൊലയാളിയാണു, കൊലയാളികൾക്ക് ഒരിക്കലും നിത്യ ജീവൻ ലഭിക്കുന്നില്ല, എന്നാൽ യേശുദേവനിലൂടെ, ദൈവവചനങ്ങൾ പാലിക്കുന്നതിലൂടെ അവർക്ക് നിത്യജീവൻ നേടാമെന്ന് വിശുദ്ധ ബൈബിൾ വചനങ്ങൾ വെളിപ്പെടുത്തുന്നു. വർഷം തോറും ഈസ്റ്റർ ആഘോഷം ആ വചനങ്ങൾ നൽകുന്ന ആത്മവിശ്വാസവും ഉറപ്പും ദൈവത്തിൽ ആശ്രയിക്കുന്നവർ, വിശ്വസിക്കുന്നവർ അനുഭവിച്ച് ആനന്ദിക്കുന്നു, "നിർഭയരായിരിക്കുക, മരണത്തെ ഭയപ്പെടേണ്ടതില്ല, മരണം മനുഷ്യന്റെ അവസാനമല്ല എന്ന് നമ്മെ ഈസ്റ്റർ ഓർമ്മിപ്പിക്കുന്നു. വിശ്വാസത്തോടെ സ്നാനമേറ്റവരെല്ലാം അവസാന കാഹളം മുഴങ്ങുമ്പോൾ കർത്താവിൽ ഉയർത്തെഴുന്നേൽക്കുന്നു എന്ന് വിശുദ്ധ ബൈബിൾ അറിയിക്കുന്നു.

ഈസ്റ്റർ വരുന്നത് വസന്തകാലത്താണെന്നുള്ളത് ഒരു സൂചനയാണ്. ശീതകാലത്തിന്റെ വാൽമീകത്തിൽ നിന്നു പ്രക്രുതി താരും തളിരുമണിഞ്ഞ് ഉടുത്തൊരുങ്ങുന്ന വസന്തകാലം. അപ്പോൾ പുതു മുകുളങ്ങൾ തളിർക്കുന്നു. പൂങ്കുയിലുകൾ പാട്ടു പാടുന്നു. സന്തോഷത്തിന്റെ നല്ല ദിവസങ്ങൾ വാഗ്ദാനം ചെയ്യുന്ന മനോഹര സൂര്യോദയങ്ങൾ. എല്ലാവരിലും ഒരു പുത്തൻ ഉണർവ് കൈവരുന്നു. മണ്ണിന്റെ മാറിൽ പ്രതീക്ഷകളുടെ വർണ്ണപൂക്കൾ വിടരുന്ന പോലെ മനുഷ്യ മനസ്സിലും പ്രത്യാശയുടെ പൂക്കാലം വരുന്നു.

കട്ടിയുള്ള തോടുള്ള മുട്ട യേശുദേവനെ അടക്കിയ ശവക്കല്ലറയെ പ്രതിനിധാനം ചെയ്യുന്നു എന്നും വിശ്വസിക്കുന്നവരുണ്ട്. കൂടാതെ മഗ്ദലന മറിയം യേശുദേവന്റെ ശവകല്ലറക്ക് സമീപം പോയപ്പോൾ അവർ ഒരു കൊട്ടയിൽ മുട്ടകൾ കരുതിയിരുന്നത്രെ. അവിടെ വച്ച് ഉയർത്തെഴുന്നേറ്റ കർത്താവിനെ അവർ കണ്ടപ്പോൾ കയ്യിൽ കരുതിയിരുന്ന മുട്ടകളുടെ നിറം കടും ചുവപ്പായി മാറി. മുട്ടയിൽ നിന്നും പുറത്ത് വരുന്ന കോഴിക്കുഞ്ഞുങ്ങൾ പ്രതീകമാക്കുന്നത് നവജീവനെയാണു, ഇതും കർത്താവിന്റെ ഉയർത്തെഴുന്നേൽപ്പുമായി വിശ്വാസികൾ ബന്ധിപ്പിക്കുന്നു,

എന്നാൽ ഈസ്റ്ററിന്റെ ഭാഗമായി നമ്മൾ ആഘോഷിക്കുന്ന ബണ്ണികളെപ്പറ്റി, മുയലിനെപ്പറ്റി ബൈബിളിൽ പരാമർശമില്ല. എങ്കിലും അവ ഉയർത്തെഴുന്നേൽപ്പുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈസ്റ്റർ ബണ്ണികളെ അമേരിക്കയിലേക്ക് കൊണ്ട് വന്നത് ജർമ്മനിയിൽ നിന്നുള്ള കുടിയേറ്റകാരാണെന്ന് വിശ്സിച്ച് വരുന്നു, മുയലുകൾ മുട്ടയിടുന്നുവെന്നും അവ തോട്ടത്തിലുണ്ടാകുന്ന കൂടുകളിൽ ഒളിച്ച് വക്കുന്നുവെന്നും അവർ വിശ്വസിച്ചു. കൂടുകൾ പിന്നീട് കൂടകളായി. മുട്ടകൾ തോട്ടത്തിൽ മാതാ-പിതാക്കൾ ഒളിച്ച് വക്കുന്നതും കുട്ടികൾ അവ തേടുന്നതും ആഘോഷത്തിന്റെ ഭാഗമായി. പുരാതനകാലം മുതൽ മുയലുകൾ വസന്തകാലവുമായി ബന്ധപ്പെട്ടിരുന്നു. ഇതിനു ഒരു കാരണം ബഹുദൈവങ്ങളെ വിശ്വസിച്ചിരുന്ന ജർമ്മൻ ജനത ഇയോസ്ട്ര എന്ന ഒരു ദേവതയെ ആരാധിച്ചിരുന്നു. (ഇവരിൽ നിന്നാണു ഈസ്റ്റർ എന്ന പദം വന്നത് എന്നും കരുതുന്നവരുണ്ട്.) അവർ വസന്തത്തിന്റേയും ഫലപുഷ്ടിയുടേയും ദേവതയായി കരുതിപോന്നു. അവരുടെ അടയാളമായിരുന്നു മുയൽ. ധാരാളം കുഞ്ഞുങ്ങളെ പ്രസവിക്കുന്ന, കുഞ്ഞുങ്ങളെ ഗർഭം ധരിച്ചിരിക്കുമ്പോൾ തന്നെ വീണ്ടും ഗർഭം ധരിക്കാൻ കഴിവുള്ള ഈ കൊച്ചു മ്രുഗത്തെ ഫലപുഷ്ടിയുടെ പ്രതീകമായി കണ്ടതിൽ അത്ഭുതമില്ല. പീറ്റർ എന്ന പഞ്ഞിവാലൻ മുയലിനെ കുറിച്ച് ഒരു ഇംഗ്ലീഷ് കവിതയുണ്ട്. അതിന്റെ ഏകദേശ വിവർത്തനം ഇതു വായിക്കുന്നവർക്ക് കൗതുകമാണെന്നു കരുതി ചെയ്യുന്നു. പഞ്ഞിവാലൻ പീറ്റർ മുയൽ കൂട്ടങ്ങളെ പിന്തുടർന്ന് ചാടി ചാടി വരുന്നു. റബ്ബർ പന്തു പോലെ തുള്ളി തുള്ളി ഈസ്റ്റർ വരവായി എന്ന് അറിയിച്ച്കൊണ്ട് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സന്തോഷം നിറച്ച കൂടയുമായി, ഈസ്റ്റർ ആനന്ദപ്രദമാക്കാൻ അവൻ ജെല്ലി ബീൻസും നിറം പിടിപ്പിച്ച മുട്ടകളുമായി വരുന്നു. ഒരു ഈസ്റ്റർ തൊപ്പിയും ഓർക്കിഡ് പൂക്കളുമായി വരുന്നു. അവനെ നോക്കു, എന്താണവൻ

പറയുന്നത്, നിങ്ങൾ ചെയ്യേണ്ട കർമ്മങ്ങൾ ചെയ്യുക. ഒരു പക്ഷെ നിങ്ങൾ അവ നന്നായി ചെയ്താൽ അവൻ നിങ്ങൾക്കൊപ്പം മുട്ടകൾ ഉരുട്ടാൻ സഹായിക്കും. ഈസ്റ്റർ ദിവസം രാവിലെ നിങ്ങൾ ചോക്കളേയ്റ്റ് ബണ്ണികളെ കാണുമ്പോൾ മനസ്സിലാക്കുക അവൻ വന്നിരുന്നു. ഈസ്റ്ററിൻെറ അർത്ഥം മനസ്സിലാക്കാൻ കഴിവില്ലാത്ത കുട്ടികളെ ഏറെ സന്തോഷിപ്പിക്കുന്നതാണു ഈസ്റ്റർ ബണ്ണിയും, നിറം പിടിപ്പിച്ച മുട്ടകളും.

ഈസ്റ്ററിൽ കാണുന്ന പൂക്കളാണു ശുഭ്രമായ നല്ല ലില്ലി പൂക്കൾ. ലില്ലി പൂക്കൾ വസന്തത്തിൻെറ പ്രതീകമായി കണക്കാക്കുമ്പോൾ തന്നെ അത് പരിശുദ്ധിയുടേയും, പുനർജനിയുടേയും, പുതുജീവൻേറയും പ്രതീകമായും കരുതിപോരുന്നു, ഗെത്സ്മന ഉദ്യാനത്തിൽ യേശുദേവൻെറ കണ്ണുനീർത്തുള്ളികൾ വീണ മണ്ണിൽ നിന്നും മുളച്ചതാണു ലില്ലി ചെടിയെന്ന വിശ്വാസം ഈ ചെടിയിലെ പൂവ്വിനു ഒരു ദിവ്യ പരിവേഷം കൊടുക്കുന്നു., വസന്തത്തിൻെറ എല്ലാ വഗ്ദാനങ്ങളും ഈ പുഷ്പം അതിൻെറ സുഗന്ധത്തിൽ ഒതുക്കുന്നു. പറുദീസയിൽ നിന്നും പുറത്താക്കപ്പെട്ടപ്പോൾ ചെയ്ത തെറ്റോർത്ത് ദുഃഖിതയായി പൊട്ടിക്കരഞ്ഞ ആദിമാതാവിൻെറ കണ്ണുനീർത്തുള്ളികൾ വീണെടത്തും ഈ ചെടി വളരുന്നു എന്ന് വിശ്വസിക്കുന്നവരുണ്ട്. വാസ്തവത്തിൽ അപരാധങ്ങൾ മനസ്സിലാക്കി അനുതപിച്ചാൽ ലില്ലി പൂക്കളുടെ വിശുദ്ധി കൈവരുമെന്നാണീ കഥകൾ പഠിപ്പിക്കുന്നത്."***പ്രത്യാശയുടെ ശ്വേതാംബരനായ ധർമ്മദൂതൻ***" എന്ന് ഈ പൂവ്വിനെ വിളിക്കുന്നു,

ഈസ്റ്റർ ബണ്ണിയും, നിറം പിടിപ്പിച്ച മുട്ടകളും ആഘോഷത്തിനു മാറ്റു കൂട്ടുമ്പോൾ അവനവൻെറ തെറ്റുകളിൽ അനുതപിക്കാനും പ്രത്യാശ കൈവിടാതിരിക്കാനും ശ്രമിക്കേണ്ടതാണു. ബൈബിളിലെ ജോഷ്വായെപ്പോലെ കണ്ണുകളുയർത്തി അത്മീയചൈതന്യത്തിൻെറ ഔന്നത്യം കാണുക. അത്യുന്നതങ്ങളിൽ വാഴുന്ന ദൈവത്തിൻെറ കൽപ്പനകളെ അനുസരിക്കുക. എത്രയോ പുണ്യാത്മാക്കളുടെ ജന്മത്താൽ പരിപാവനമാണു ഈ ഭൂമി. ഈ മണ്ണിലൂടെ ദൈവപുത്രൻ നടന്നു എന്നു നമ്മൾ ബൈബിളിൽ വായിക്കുന്നു. അഹന്തയുടേയും വിദ്വേഷത്തിൻേറയും ചെരിപ്പുകൾ അഴിച്ചുമാറ്റുക ഈ ഭൂമി വിശുദ്ധമാണന്നറിയുക.. വയലിൽ വളരുന്ന ലില്ലിപൂക്കളെപോലെ വിശുദ്ധി കൈവരിക്കുക. പാപങ്ങൾ ദൈവ സന്നിധിയിൽ ഏറ്റു പറഞ്ഞ് നന്മ്നിറഞ്ഞവരായിരിക്കുക. യേശുദേവൻെറ ഉയർത്തെഴുന്നേൽപ്പ് എല്ലാവർക്കും പ്രത്യാശ നൽകുന്നു.

എല്ലാവർക്കും ഈസ്റ്റർ ആശംസകൾ.

**ശുഭം**